LIBRARY ARCHIVES Kerala Legislative Assembly

വ്യാവസായിക സംരംഭങ്ങൾക്ക് വൈദ്യുത നിലയങ്ങൾ

179(449) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ) വ്യാവസായിക സംരംഭങ്ങൾക്ക് ഉദാരമായ വ്യവസ്ഥകളിൽ ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾക്ക് അനുമതി നൽകുന്ന പദ്ധതി മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ടോ?

ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർ എന്ന നിലയിൽ (CPP) വ്യവസായ സംരംഭങ്ങൾക്ക് പദ്ധതി ഏറ്റെടുത്ത് നടത്താൻ 2012 ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സാധ്യമാണ്. 2016 -ൽ സർക്കാർ അവസാനമായി ചെറുകിട ജലവൈദ്യുത പദ്ധതികളിൽ RFP ക്ഷണിച്ചിരുന്നെങ്കിലും ക്യാപ്റ്റീവ് പവർ കാറ്റഗറിയിൽ ഒരു സംരംഭകരും തെരഞ്ഞെടുക്കപ്പെട്ടില്ല.

(ബി) അതുപ്രകാരം 2016-21 കാലയളവിൽ എത്ര വൈദ്യുത നിലയങ്ങൾക്ക് അനുമതി നൽകിയെന്നും ഓരോന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുവെന്നും വ്യക്തമാക്കുമോ?

2016-21 കാലയളവിൽ ക്യാപ്റ്റീവ് പവർ കാറ്റഗറിയിൽ ഒരു പദ്ധതിക്കും അനുമതി നൽകിയിട്ടില്ല.

മണലൂർ കോൾനിലങ്ങളിലെ വൈദ്യുത ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന നടപടി

180(450) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കോൾനിലങ്ങൾവഴി സ്ഥാപിച്ചിരുന്ന വൈദ്യുതി ലൈനുകൾ മഴക്കാലത്ത് അപകടകരമാണെന്നതിനാൽ അവയെല്ലാം കോൾനിലങ്ങളുമായി ബന്ധപ്പെട്ട വെങ്കിടങ്ങ് - കണ്ണോത്ത് - പുല്ല റോഡിലേയ്ക്കും മറ്റുറോഡുകളിലേയ്ക്കും ബണ്ടുകളിലേക്കും മാറ്റി സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

മണലൂർ മണ്ഡലത്തിലെ കോൾ നിലങ്ങൾവഴി സ്ഥാപിച്ചിരുന്ന വൈദ്യുതി ലൈനുകൾ റോഡുകളിലേയ്ക്കും ബണ്ടുകളിലേയ്ക്കുംമാറ്റി സ്ഥാപിക്കുന്നതിനായി ആകെ 46,87,779 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കും എന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ വിവരവും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന സമയവും ചുവടെ ചേർത്തിരിക്കുന്നു:

	പ്രവൃത്തിയുടെ വിവരം	എസ്റ്റിമേറ്റ് തുക	പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന സമയം
	കാരാട്ട് കോളിന് മുകളിലൂടെ പോകുന്ന എച്ച്. ടി. ലൈൻ ഒഴിവാക്കുന്നതിനായി ബണ്ട് റോഡിൽകൂടി 0.9 കി.മീ. എച്ച്.ടി. ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി	5,81,236	ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും
1	Rs.12,86,000 കണ്ണോത്ത് കോൾ എ ബി മുതൽ മധുരക്കര കനാൽവരെ താണവീഥി ഫീഡർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി	41,06,543	2021 ജൂൺ മാസത്തിൽ പൂർത്തീകരിക്കും
2	Rs. 3,46,543 കണ്ണോത്ത് ഈസ്റ്റ് ട്രാൻസ്ഫോർമർ മുതൽ പുല്ല സൗത്ത് ജംഗ്ഷൻവരെ താണവീഥി ഫീഡർ ഇന്റർലിങ്കിംഗ് ചെയ്യുന്ന പ്രവൃത്തി		
3	Rs. 8,99,000 താണവീഥി മുതൽ കണ്ണോത്ത് കോൾ എ ബി വരെ താണവീഥി ഫീഡർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി		
4	Rs. 9,10,000 എളമുദ ഈസ്റ്റ് മുതൽ എളമുദ (വെസ്റ്റ്) വരെ താണവീഥി ഫീഡർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി		
5	Rs. 6,65,000 മധുരക്കര കനാൽ മുതൽ പൊന്നാമുത ഈസ്റ്റ് വരെ എച്ച്.ടി. ലൈൻ തൽസ്ഥാനത്ത് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി		

LIBRARY ARCHIVES Kerala Legislative Assembly